പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1025 — 12/06/2014 – ൽ മറുപടിയ്ക്ക്

## ഒമ്പതാം ക്ലാസ്സിലെ കുട്ടികളുടെ തോൽവി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. എസ്. സലീഖ | | ശ്രീ. പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസവകുപ്പ് മന്ത്രി) | |
| (എ) | പത്താം ക്ലാസ്സിൽ നൂറു ശതമാനം വിജയം ലക്ഷ്യമിട്ട് ഒമ്പതാം ക്ലാസ്സിൽ വിദ്യാർത്ഥികളെ തോൽപ്പിക്കുന്ന സ്കൂളുകളുടെ എണ്ണം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഒമ്പതാം ക്ലാസ്സിൽ തോൽപ്പിച്ചതിന്റെ ഭാഗമായി സംസ്ഥാനത്ത് 2013-14 അദ്ധ്യയന വർഷം എത്ര കുട്ടികൾ ആത്മഹത്യ ചെയ്തു; ഏതെല്ലാം സ്കൂളുകളിലെ കുട്ടികളാണ് ആത്മഹത്യ ചെയ്തത്; ഇതിൽ സർക്കാർ/ എയ്ഡഡ് സ്കൂളുകൾ എത്രയെണ്ണം വീതമെന്ന് തരംതിരിച്ച് വ്യക്തമാക്കുമോ; | (ബി) യും (സി) യും | മലപ്പുറം ജില്ലയിലെ വണ്ടൂർ വിദ്യാഭ്യാസ ജില്ലയുടെ കീഴിലുള്ള ഒരു എയ്ഡഡ് സ്കൂളായ അരീക്കോട് എസ്.ഒ.എച്ച്. എസ്. ലെ ഒരു വിദ്യാർത്ഥിനി 9-ാം ക്ലാസ്സിൽ പരാജയപ്പെട്ടതിനെത്തുടർന്നുള്ള മാനസിക വിഷമത്തിനെ തുടർന്ന് ആത്മഹത്യ ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത സ്കൂളിൽ 9-ാം ക്ലാസ്സിൽ പരാജയപ്പെട്ട 19 വിദ്യാർത്ഥികൾക്കായി വണ്ടൂർ ഡി.ഇ.ഒ. യുടെ മേൽ നോട്ടത്തിൽ പ്രത്യേക പരീക്ഷ നടത്തി അവരെ ഉയർന്ന ക്ലാസ്സുകളിലേയ്ക്ക് പ്രത്യേക കേസ്സായി പരിഗണിച്ച് വിജയിപ്പിക്കുന്ന തിന് സ്കൂൾ അധികൃതർക്ക് നിർദ്ദേശം നല്കുവാൻ പൊതുവിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) | പ്രസ്തുത സ്കൂളുകൾക്ക് എതിരെ വിദ്യാഭ്യാസ വകുപ്പ് എന്തു നടപടി സ്വീകരിച്ചു; വിശദമാക്കുമോ; | | |

| | |
|---|---|
| (ഡി) 2013-14 അദ്ധ്യയനവർഷത്തിൽ ഒമ്പതാം ക്ലാസ്സിൽ എത്ര കുട്ടികളെയാണ് സർക്കാർ/എയ്ഡഡ് സ്കൂളുക ളിൽ തോൽപ്പിച്ചത്; ഏതൊക്കെ സ്കൂളുകളിൽ, എത്ര കുട്ടികളെ വീതമാണ് തോൽപ്പിച്ചതെന്ന് വ്യക്തമാക്കുമോ; | (ഡി) വിവരം ശേഖരിച്ചു വരുന്നു.<br>യും<br>(ഇ)<br>യും |
| (ഇ) ഡിവിഷൻ നിലനിർത്താൻ പല സർക്കാർ/എയ്ഡഡ് സ്കൂളു കളിൽ കുട്ടികളെ ഒമ്പതാം ക്ലാസ്സിൽ തോൽപ്പിക്കുന്നു എന്ന വ്യാപക പരാതി ശ്രദ്ധ യിൽപ്പെട്ടുവോ; എങ്കിൽ ഇതു പരിഹരിക്കുവാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | |

Sreedevi

സെക്ഷൻ ഓഫീസർ